# (ii) ഇബാദത്

ആരാധന, അടിമത്തം, അനുസരണം, വിധേയത്വം തുടങ്ങിയ അർഥങ്ങളുൾക്കൊള്ളുന്ന അറബി പദമാകുന്നു ഇബാദത്. മനുഷ്യൻ തന്റെ ഏക ആരാധ്യനും താൻ ആത്യന്തികമായി അടിമപ്പെടേണ്ടവനും നിരുപാധികം അനുസരിക്കേണ്ടവനും അല്ലാഹു മാത്രമാണെന്ന് വിശ്വസിച്ചുകൊണ്ട് അതിന്റെ താൽപര്യമനുസരിച്ചു കർമം ചെയ്യുന്നതിനെയാണ് ഇസ്‌ലാമിക ദർശനം 'ഇബാദത്' എന്നു വിളിക്കുന്നത്. മനുഷ്യജൻമത്തിൻെറ അർഥമായിട്ടാണ് ഖുർആൻ ഇബാദത്തിനെ പരിചയപ്പെടുത്തിയിട്ടുള്ളത്. "മനുഷ്യവംശത്തെയും ജിന്നുവംശത്തെയും ഞാൻ സൃഷ്ടിച്ചിട്ടുള്ളത് അവർ എനിക്ക് ഇബാദത് ചെയ്യുന്നതിനു മാത്രമാകുന്നു." (51: 56)

ഇബാദത് അതിന്റെ എല്ലാ അർഥത്തിലും അല്ലാഹുവിനു മാത്രമേ പാടുള്ളൂ എന്നത് ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തമാകുന്നു. ഏകദൈവവിശ്വാസത്തിന്റെ അനിവാര്യ താൽപര്യവുമാണത്. ദൈവം ഒന്നേയുള്ളൂവെങ്കിൽ അവൻ മാത്രമാണ് മനുഷ്യന്റെ ആരാധനക്കും നിരുപാധികമായ അനുസരണത്തിനും വിധേയത്വത്തിനും അർഹൻ. മനുഷ്യൻ അല്ലാഹുവല്ലാത്ത മറ്റെന്തിനെങ്കിലും ആരാധനയോ നിരുപാധികമായ അനുസരണമോ വിധേയത്വമോ അടിമത്തമോ വകവെച്ചു കൊടുക്കുന്നുവെങ്കിൽ അവൻ അതിനെ അല്ലാഹുവിന്റെ പങ്കാളിയാക്കുന്നുവെന്നാണർഥം. മൺമറഞ്ഞ പുണ്യാത്മാക്കൾക്കോ, വിഗ്രഹങ്ങൾക്കോ, പ്രതിഷ്ഠകൾക്കോ ഇതര പദാർഥങ്ങൾക്കോ ജീവികൾക്കോ ഏതെങ്കിലും തരത്തിലുള്ള ആരാധനയും പൂജയും അർപ്പിക്കുന്നത് അവയെ ദൈവമായി അംഗീകരിക്കലാകുന്നു. ദൈവമല്ലാത്ത ഏതു സൃഷ്ടികൾക്കും നിരുപാധികം അടിമപ്പെടുന്നതും അവരുടെ ആജ്ഞകളെയും വിലക്കുകളെയും നിരുപാധികം അനുസരിക്കുന്നതും അവർക്കുള്ള ഇ*ബാദതാകുന്നു. വിശ്വാസി ഏതു കർമം ചെയ്യുമ്പോഴും ആത്യന്തികവും നിരുപാധികവുമായ നിയാമകശക്തിയും ശാസകനുമായി അല്ലാഹുവിനെയാണ് അംഗീകരിക്കേണ്ടത്. ആ ഭാവത്തോടെ അതിന്റെ താൽപര്യമായി ചെയ്യുന്ന കർമം അല്ലാഹുവിനുള്ള ഇ*ബാദതായിത്തീരുന്നു.

മനുഷ്യൻ തന്റെ മാതാപിതാക്കളെയും ഗുരുജനങ്ങളെയും ജ്ഞാനികളെയും നേതൃജനങ്ങളെയും നിർബന്ധമായും അനുസരിക്കുകയും ആദരിക്കുകയും വേണമെന്ന് അല്ലാഹു കല്പിച്ചിരിക്കുന്നു. ആ അനുസരണവും ആദരവും പക്ഷേ, അല്ലാഹുവിനോടുള്ള അനുസരണത്തിനും വിധേയത്വത്തിനും വിധേയമായിരിക്കണം. നിരുപാധികമായിരിക്കരുത്. സൃഷ്ടികളെ അനുസരിക്കുന്നത് ദൈവത്തെ ധിക്കരിക്കലാകുന്നിടത്ത് സൃഷ്ടികൾ ഒരിക്കലും അനുസരിക്കപ്പെട്ടുകൂടാ. 'അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ട് യാതൊരു സൃഷ്ടിക്കും അനുസരണമില്ല' എന്നാണ് ഇതു സംബന്ധിച്ച സിദ്ധാന്തം.

ഖുർആൻ അല്ലാഹുവിനുള്ള ഇബാദതിന് വിപരീതമായി പറയുന്നത് 'ഇജ്തിനാബുത്ത്വാഗൂത്' (പൈശാചിക ശക്തികളെ വെടിയുക) എന്നാണ്. അതായത് പൈശാചിക ശക്തികളുടെ സ്വാധീനത്തിൽനിന്നും അനുസരണത്തിൽനിന്നും അകന്ന് അല്ലാഹുവിനു വഴിപ്പെട്ടും അവന്റെ പ്രീതി കാംക്ഷിച്ചും കർമം ചെയ്യുക. ആ കർമം നോമ്പും നമസ്കാരവുമാകാം, യുദ്ധവും സംവാദവുമാകാം, കൃഷിയും കച്ചവടവുമാകാം. അല്ലാഹുവിനോട് ഭക്തി പുലർത്തിക്കൊണ്ട് അവന്റെ വിധിവിലക്കുകൾക്ക് വിധേയമായിട്ടാണ് ചെയ്യുന്നതെങ്കിൽ എല്ലാം അല്ലാഹുവിനുള്ള ഇബാദത്താകുന്നു. പൈശാചിക പ്രേരണകൾക്ക് വിധേയരായി ദേഹേഛകളനുസരിച്ചുമാത്രമാണ് ചെയ്യുന്നതെങ്കിൽ ത്വാഗൂത്തിനുള്ള ഇബാദതുമാകുന്നു. ജീവിതത്തിന്റെ സകല മാന ചലനങ്ങളിലും പരമാധികാരിയും ശാസകനും ഉടമസ്ഥനും ആയി അല്ലാഹുവിനെ അംഗീകരിക്കുമ്പോൾ മനുഷ്യജീവിതം മുഴുവൻ ഇബാദതായിത്തീരുന്നു.